**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1037 30.10.2019-ലെ മറുപടി**

## പാവറട്ടി- മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.മുരളി പെരുനെല്ലി</td><td colspan="2">കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി)</td></tr>
<tr><td>എ)</td><td>മണലൂർ മണ്ഡലത്തിലെ പാവറട്ടി- മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;</td><td rowspan="2">എ)<br>&<br>ബി)</td><td rowspan="2">NRDWP സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതിയുടെ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി (561 ലക്ഷം രൂപ) NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ സംസ്ഥാന പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുകയും 50 ശതമാനം പൈപ്പ്ലൈനുകൾ സ്ഥാപിക്കുകയും ചെയ്തു. ബാക്കി പൈപ്പിടുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി റോഡ് പുന:സ്ഥാപനത്തിനുള്ള തുക പൊതുമരാമത്ത് വകുപ്പിൽ അടയ്ക്കേണ്ടതായിട്ടുണ്ട്. NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഉന്നതതലസംഭരണികളുടെ നിർമ്മാണ പ്രവൃത്തികളുടെ ആദ്യ ദർഘാസ് റദ്ദ് ചെയ്യേണ്ടി വന്നു. തുടർന്ന് സംസ്ഥാന പദ്ധതി 2018-19-ൽ ഉൾപ്പെടുത്തി G.O. (Rt)No. 615/2018/WRD തീയതി 20/8/18 പ്രകാരം 350 ലക്ഷം രൂപക്ക് ഇതിനായി ഭരണാനുമതി നൽകി. നിലവിൽ 6.7 LL ഉന്നതതല സംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 5.5LL ഉന്നതതല സംഭരണിയുടെ നിർമ്മാണം 80 ശതമാനം പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 33 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകളിലേക്ക് ശുദ്ധജലവിതരണം നടത്താനായി വിതരണ ശൃംഖല (ഗാർഹിക കണക്ഷനുകൾ ഉൾപ്പെടെ) സ്ഥാപിക്കുന്നതിനുള്ള 54.8 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കി ഒന്നാം ഗഡുവിൽ റീ ബിൽഡ് കേരളാ ഇനിഷ്യേറ്റീവിൽ (RKI) ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പാവറട്ടി മുല്ലശ്ശേരി ഏരിയയിലേക്ക് പൂർണ്ണമായും കുടിവെള്ളവിതരണം നടത്തുവാൻ സാധിക്കും.</td></tr>
<tr><td>ബി)</td><td>ഈ പദ്ധതിയുടെ ഏതെല്ലാം പ്രവൃത്തികളാണ് നടന്നു വരുന്നതെന്നും അവ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ?</td></tr>
</table>

Renuka Sankar

സെക്ഷൻ ഓഫീസർ